## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6192          31.10.2011-ൽ മറുപടിക്ക്.

## മോണോറെയിൽ സംബന്ധിച്ച സാദ്ധ്യതാ പഠനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ.സി.പി മുഹമ്മദ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോണോറെയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്; | (എ) യും (സി) യും | കോഴിക്കോട്, തിരുവനന്തപുരം എന്നവിടങ്ങളിൽ മോണോറെയിൽ ഏർപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ ചെയ്യുവാൻ Kerala Transport Development Financial Corporation (KTDFC) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം മുതൽ കഴക്കൂട്ടം വരെയുള്ള 28 Km ദൂരത്തിൽ ഒരു മോണോറെയിൽ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ഒരു പ്രീ- സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ 8.8.2011 ലെ ജി.ഒ (എം.എസ്) നമ്പർ. 46/ 2011/ ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം NATPAC - നെ ചുമതലപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 12/9/2011 ലെ യോഗത്തിൽ തിരുവനന്തപുരത്തെ മോണോറെയിൽ പദ്ധതി ദീർഘിപ്പിച്ച് ഭാവിയിൽ മംഗലപുരം ടെക്നോസിറ്റിയുമായി ബന്ധിപ്പിക്കുവാനുള്ള സാധ്യതകളെക്കുറിച്ച് കൂടി |

| | | | |
|---|---|---|---|
| | | | പഠിച്ച് വിലയിരുത്തിക്കൊണ്ടുള്ള ഒരു സാദ്ധ്യതാപഠന റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ സമർപ്പിക്കുവാനും NATPAC ന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം നഗരങ്ങളിലാണ് ആയത് നടപ്പാക്കുന്നത്; | (ബി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇത് സംബന്ധിച്ച സാദ്ധ്യതാ പഠനങ്ങൾക്കുള്ള നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | പഠനറിപ്പോർട്ട് തയ്യാറാക്കി യിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ